**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5729** **13-08-2021 - ൽ മറുപടിയ്ക്ക്**

**മോയിൻ കുട്ടി വൈദ്യർ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മോയിൻ കുട്ടി വൈദ്യർ അക്കാദമിയിൽ നടന്ന് വരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | മാപ്പിളകലകൾ, മാപ്പിളപ്പാട്ട് എന്നിവയെ പരിപോഷിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ആയി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതാണ് വൈദ്യർ അക്കാദമിയുടെ പ്രധാന പ്രവർത്തനം. വൈദ്യർ അക്കാദമിക്കു കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ :- മാപ്പിളപ്പാട്ട് (3 വർഷകോഴ്സ്, ഒരു വർഷ കോഴ്സ്) മാപ്പിളകലകൾ (ഒരു വർഷ കോഴ്സ്) അറബിമലയാളം റിസർച്ച് ആന്റ് റഫറൻസ് ലൈബ്രറി, ചരിത്ര സാംസ്കാരിക മ്യൂസിയം, 1921 ലെ മലബാർ സമരം ഫോട്ടോ ഗാലറി, കൊണ്ടോട്ടി നേർച്ച ഫോട്ടാ ഗാലറി, പുരാരേഖ ഗാലറി, ഓഡിയോ വിഷ്വൽ തിയേറ്റർ, റിക്കാർഡിംഗ് തിയേറ്റർ, മുപ്പതിനായിരത്തോളം മാപ്പിളപ്പാട്ടുകളുടെ ശേഖരമുള്ള മ്യൂസിക്കൽ ആർക്കൈവ്സ്, പുസ്തകപ്രസാധനം, പുസ്തക വില്പനശാല, ഇൻഡോർ, ഓപ്പൺ ഓഡിറ്റോറിയങ്ങൾ, മാനവീയംവേദി, മാനവീയം മക്കാനി തുടങ്ങിയവ വൈദ്യർ അക്കാദമിയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. സാഹിത്യ ഗവേഷകർക്ക് പ്രയോജനപ്പെടുത്താവുന്ന യു ജി സി കെയർ ലിസ്റ്റിലുള്ള ഇശൽപൈതൃകം ത്രൈമാസിക അക്കാദമി പ്രസിദ്ധീകരിക്കുന്നുണ്ട്. അക്കാദമി വാർത്താപ്രതികയും അക്കാദമിയുടെ യുട്യൂബ് ചാനൽ - വൈദ്യർ ടിവിയും സോഷ്യൽ മീഡിയ തത്സമയ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. വൈദ്യർ അക്കാദമിയുടെ വാർഷികാഘോഷമായ വൈദ്യർ മഹോത്സവം മാപ്പിളകലകളുമായി ബന്ധപ്പെട്ട കലാകാരന്മാരെ വൈദ്യർ അക്കാദമിയിലേക്ക് ആകർഷിക്കുന്ന പരിപാടിയാണ്. സമകാലീനവിഷയത്തിൽ ഊന്നിയുള്ള വൈദ്യർ സ്മാരക പ്രഭാഷണം, മൺമറഞ്ഞ പ്രതിഭകളുടെ ചിത്രം അനാഛാദനം, മാപ്പിളകലകളുടെ |

| | | | |
|---|---|---|---|
| | | | അവതരണം, മാപ്പിളപ്പാട്ട് കവിയരങ്ങ്, കലാകാര സംഗമം എന്നിവയും പ്രതിവർഷം സംഘടിപ്പിക്കുന്നു. |
| (ബി) | അക്കാദമിക്ക് മറ്റ് ജില്ലകളിൽ കേന്ദ്രങ്ങളുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്നും അവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്ന് വരുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | അക്കാദമിയ്ക്ക് കോഴിക്കോട് നാദാപുരത്ത് ഒരു ഉപക്രേന്ദ്രമുണ്ട്. പ്രസ്തുത ഉപകേന്ദ്രത്തിൽ മാപ്പിളപ്പാട്ട് പരിശീലനം (3 വർഷ കോഴ്സ്), വിവിധ സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. |
| (സി) | അക്കാദമിയുടെ പ്രവർത്തനം കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അക്കാദമിക്ക് കീഴിലുള്ള “സ്കൂൾ ഓഫ് മാപ്പിള ആർടസ്" അക്കാദമിയുടെ പ്രവർത്തനം കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് പുറമേ 12 ജില്ലകളിലും തുടർന്ന് വിവിധ ഘട്ടങ്ങളിലായി 140 നിയോജക മണ്ഡലങ്ങളിലും ബഹുജന സഹകരണത്തോടെയും ഓരോ പ്രദേശത്തെയും കലാകൂട്ടായ്മകളുടെ സഹായത്തോടെയും “സ്കൂൾ ഓഫ് മാപ്പിള ആർടസ്" ശാഖകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി അക്കാദമി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ